**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പിഒ,  തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490  ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**തിരുവനന്തപുരം**

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ രഘുനാഥ് കെ വി (Dr Raghunath K V), അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ഡോ രഘുനാഥ് കെ വി സമർപ്പിച്ച അപേക്ഷ 21.01.2025
2. DMOH-MLPM/1136/2025-A6 തീയതി. 15.02.2025
3. കാരണം കാണിക്കൽ നോട്ടീസ് നം DHS/1964/2025-EA4 തീയതി 12.03.2025
4. ഡോ രഘുനാഥ് കെ വി സമർപ്പിച്ച മറുപടി 17.03.2025
5. കത്ത് നം DHS/1964/2025-EA4 തീയതി 15.04.2025

**ഉത്തരവ് നം. DHS/1964/2024-EA4 തീയതി.12-12-2025**

ഡോ രഘുനാഥ് കെ വി (Dr Raghunath K V), 16.07.2012 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിക്കുകയും 01.08.2012 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയും ചെയ്ത വ്യക്തിയാണ്. ടിയാൾ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നു വെന്ന് പരാമർശം (2) പ്രകാരം മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നമ്പർ എ3/570/2018/ആകുവ തീയതി 29.12.2018 തീയതി സർക്കുലർ പ്രകാരവും 27.05.2024 ലെ M2-268/2024 ഹെൽത്ത് നമ്പർ കത്ത് പ്രകാരം 06.06.2024 5.00 പി എം വരെയും ആരോഗ്യ വകുപ്പിൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നവർക്ക് തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് സർക്കാർ അവസരം നൽകിയിരുന്നു. ടി സമയ പരിധിയ്ക്കുള്ളിൽ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് ഡോ രഘുനാഥ് കെ

വി അപേക്ഷ സമർപ്പിച്ചിരുന്നില്ല. തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം ടിയാൾ അപേക്ഷ സമർപ്പിച്ചു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്ന ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (3) പ്രകാരം നോട്ടീസ് നൽകി. പ്രസ്തുത നോട്ടീസിനോട് പരാമർശം (4) പ്രകാരം ഡോ രഘുനാഥ് കെ വി മറുപടി സമർപ്പിച്ചു. തിരികെ സേവനത്തിൽ പ്രവേശിപ്പിക്കണമെന്നും നേരിൽ കേൾക്കുന്നതിന് ആഗ്രഹിക്കുന്നതായും ടിയാൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 29.04.2025, 3.00 പി എം ന് ആരോഗ്യ വകുപ്പ് ഡയറക്ടർ മുമ്പാകെ ടി വിഷയവുമായി ബന്ധപ്പെട്ട രേഖകൾ സഹിതം ഹാജരാകുന്നതിന് അറിയിപ്പ് നൽകിയിരുന്നു. ടി കത്തിനോട് ഡോ രഘുനാഥ് കെ വി പ്രതികരിച്ചിട്ടില്ല.

(2). ഡോ രഘുനാഥ് കെ വി, പരാമർശം (1), (4) പ്രകാരം സമർപ്പിച്ച അപേക്ഷകൾ വിശദമായി പരിശോധിച്ചു. പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുക്കുകയും അച്ചടക്ക നടപടിയുടെ ഭാഗമായി നൽകിയ കാരണം കാണിക്കൽ നോട്ടീസിന് ടിയാൾ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ നേരിൽ കേൾക്കണമെന്ന ആവശ്യത്തിന് അവസരം നൽകിയിട്ടും ആയതിനോട് പ്രതികരിക്കാതിരുന്നത് ടിയാളുടെ ഭാഗത്തു നിന്നുള്ള അച്ചടക്ക ലംഘനമാണെന്ന് വിലയിരുത്തുന്നു. ടി സാഹചര്യത്തിൽ 16.07.2022 തീയതി സേവനത്തിൽ പ്രവേശിക്കുകയും 01.08.2012 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുകയും ചെയ്തതിലൂടെ പ്രൊബേഷണർ ആയ ഡോ രഘുനാഥ് കെ വി അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ രഘുനാഥ് കെ വി അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 12-12-2025 13:17:38

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Reghunath K V**

**Kedaram, Ayankalam**

**Thavanur, Malappuram- 679573**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
മലപ്പുറം.
3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,
സമൂഹികാരോഗ്യ കേന്ദ്രം മാറഞ്ചേരി, മലപ്പുറം.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ഫയൽ